**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5972** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സ്വാശ്രയ കോളേജുകൾ, സ്വകാര്യ പോളിടെക്നിക്, ഐ.ടി.ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഫീസ് ഇനത്തിൽ നൽകേണ്ട തുക ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. സ്വാശ്രയ കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ്, റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി/ ഫീസ് റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന രീതിയിൽ ഫീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നു. നോഡൽ പോളിടെക്നിക്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവ വഴി സ്വകാര്യ പോളിടെക്നിക്കുകളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കും സർക്കാർ/യൂണിവേഴ്സിറ്റി/ ഫീസ് റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന രീതിയിൽ ഫീസ് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നു. സ്വകാര്യ ഐ.റ്റി.ഐ.കളിൽ ഓരോ കോഴ്സിന്റെയും 10%ൽ അധികരിക്കാത്ത വിധം പട്ടികജാതി വിദ്യാർത്ഥികൾക്ക് നിലവിൽ DGE&DT അംഗീകരിച്ച നിരക്കിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സ.ഉ.(അച്ചടി) നമ്പർ 50/2009/ പജപവവിവ, തീയതി, 02.07.2009 ഉത്തരവിന്റെ പരിധിയിൽപ്പെടാത്തതും 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവ. ഓഫ് ഇൻഡ്യാ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഫീസാനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ബി) | മേൽപ്പറഞ്ഞ വിദ്യാർത്ഥികൾ ഹോസ്റ്റൽ ഫീസ് ഇനത്തിൽ അടയ്ക്കുന്ന തുക തിരിച്ച് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ? | (ബി) | ഹോസ്റ്റൽ ഫീസ് അതാത് സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകുന്നുണ്ട്. വകുപ്പിന്റെ ഹോസ്റ്റലിലോ സ്ഥാപനങ്ങളുടെ ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാത്തതും വകുപ്പിന്റെ ധനസഹായത്തോടെ വിവിധ കോഴ്സുകൾക്കു മറ്റ് പ്രൈവറ്റ് ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതുമായ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്കു പ്രതിമാസം പരമാവധി 4500/-രൂപ ഹോസ്റ്റൽ ഫീസാനുകൂല്യം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ